# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.435

### 28-02-2017 ൽ മറുപടിക്ക്

**കിഫ്ബി മുഖേന ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾ**

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി മുഖേന ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദ വിവരം നൽകാമോ; | 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് കിഫ്ബിയിലൂടെ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. 08-08-16 തീയതിയിലെ സ.ഉ (കൈ)315/2016/ധന ഉത്തരവ് അനുസരിച്ച് കിഫ്ബിയിലേക്ക് പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭരണാനുമതി ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 100 കോടി രൂപയ്ക്ക് മുകളിൽ വരുന്ന പദ്ധതികൾക്കായിരിക്കും കിഫ്ബി മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽ കുറയാത്ത അടങ്കലുള്ള, സമാനസ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടിക്കു മുകളിൽ മതിപ്പ് തുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്. ഇത്തരം പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 8.8.2016 ലെ സ.ഉ (കൈ)315/2016/ധന ഉത്തരവു പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് |

| | |
|---|---|
| | ബന്ധപ്പെട്ട ഭരണ വകുപ്പ് അതാത് പദ്ധതികൾക്ക് ഭരണാനുമതി നൽകേണ്ടതും വിശദമായ പദ്ധതി റിപ്പോർട്ട് ഉൾപ്പെടെ കിഫ്ബിക്ക് സമർപ്പിക്കേണ്ടതുമാണ്. ബന്ധപ്പെട്ട ഭരണവകുപ്പ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതും കിഫ് ബോർഡ് അംഗീകരിച്ചിട്ടുള്ളതുമായ പദ്ധതികളുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. 08-08-16 തീയതിയിലെ സ.ഉ (കൈ)315/2016/ധന ഉത്തരവു പ്രകാരം യോഗ്യമായ പദ്ധതികൾക്ക് 07.11.2016 ൽ കിഫ് ബോർഡിന്റെ 27 -ാമത് യോഗം ഒന്നാംഘട്ടമായി അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) കോങ്ങാട് മണ്ഡലത്തിൽ ഏതെല്ലാംകിഫ്ബി പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; വിശദവിവരം നൽകുമോ? | സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളെയാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, ജല വിഭവം, ഐ.ടി, ആരോഗ്യം, ഊർജ്ജം തുടങ്ങിയ വകുപ്പുകളുടെ വിശദമായ പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ബോർഡ് അംഗീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ടി പട്ടികയിൽ ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**